# കേരള സർവകലാശാല

നം. പി.ആർ.090/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ടെക് പ്രവേശനപ്പരീക്ഷ (സി.എസ്.എസ്): അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല ഫ്യച്ചർ സ്റ്റഡീസ്, ഒപ്റ്റോ ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ് പഠനവകുപ്പുകളിൽ എം.ടെക് (നോൺ ഗേറ്റ് - സി.എസ്.എസ്) പ്രവേശനപ്പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 24.

### ബി.എ എൽ.എൽ.ബി സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2015 സെപ്റ്റംബറിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ എൽ.എൽ.ബി ഇന്റഗ്രേറ്റഡ് പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ജൂൺ ഒന്ന് മുതൽ എട്ട് വരെയുള്ള ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മണി മുതൽ അഞ്ച് മണിവരെയുള്ള സമയങ്ങളിൽ ഹാൾടിക്കറ്റ്, തിരിച്ചറിയൽ രേഖ എന്നിവ സഹിതം ഹാജാരാകണം.

### പ്രോജക്ട് ഫെലോ

കേരള സർവകലാശാല കാര്യവട്ടം കെമിസ്ട്രി പഠനവകുപ്പിൽ കമ്പ്യൂട്ടേഷണൽ കെമിസ്ട്രി റിസർച്ച് പ്രോജക്ടിൽ പ്രോജക്ട് ഫെലോയുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡേറ്റയും യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം 20 ദിവസത്തിനകം പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, കെമിസ്ട്രി പഠനവകുപ്പ്, കേരള സർവകലാശാല, കാര്യവട്ടം, തിരുവനന്തപുരം 695 581 എന്ന വിലാസത്തിലോ ഇ-മെയിൽ (jelambal@gmail.com) വഴിയോ അയയ്ക്കണം. യോഗ്യതയും വിശദവിവരങ്ങളും വെബ്സൈറ്റിൽ ലഭിക്കും. ഫോൺ. 0471-2308682, 9746790202.

### എം.എ.എസ്.എൽ.പി പരീക്ഷ

കേരള സർവകലാശാല ജൂൺ 14-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.എ.എസ്.എൽ.പി (പുതിയ സ്കീം - സി.ബി.സി.എസ്.എസ്, പഴയ സ്കീം) പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ രണ്ട് (50 രൂപ പിഴയോടെ ജൂൺ മൂന്ന്, 250 രൂപ പിഴയോടെ ജൂൺ നാല്) വരെ അപേക്ഷിക്കാം.

### എം.ടെക് ഫലം

കേരള സർവകലാശാല 2015 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ (ഫുൾടൈം & പാർട്ട് ടൈം), നാലാം സെമസ്റ്റർ (പാർട്ട് ടൈം) എം.ടെക് സിവിൽ, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ, മെക്കാനിക്കൽ, കമ്പ്യൂട്ടർ സയൻസ് & എൻജിനീയറിംഗ് ബ്രാഞ്ചുകൾ (റഗുലർ & സപ്ലിമെന്ററി - 2013 സ്കീം & 2008

സ്കീം) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി ഇലക്ട്രോണിക്സ് ഫലം

കേരള സർവകലാശാല 2015 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി ഇലക്ട്രോണിക്സ് (2005 സ്കീം - സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 14 വരെ അപേക്ഷിക്കാം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
31.05.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098